പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1158

21.03.2013-ൽ മറുപടി നൽകേണ്ടത്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ)ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായുള്ള കണക്കെടുപ്പിന്റെ ജില്ലതിരിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കുമോ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ നടത്തിയ അന്വേഷണത്തിൽ പരിശോധന നടത്തി 2,33,232 കുടുംബങ്ങളെ അർഹരായി കണ്ടെത്തി 15.08.2012-ൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അപ്രകാരമുള്ള ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു. |

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 39636 |
| 2 | കൊല്ലം | 27822 |
| 3 | പത്തനംതിട്ട | 5791 |
| 4 | ആലപ്പുഴ | 12229 |
| 5 | കോട്ടയം | 9905 |
| 6 | ഇടുക്കി | 8239 |
| 7 | എറണാകുളം | 29608 |
| 8 | തൃശ്ശൂർ | 27196 |
| 9 | പാലക്കാട് | 20433 |
| 10 | മലപ്പുറം | 19997 |
| 11 | കോഴിക്കോട് | 7145 |
| 12 | വയനാട് | 4179 |
| 13 | കണ്ണൂർ | 10101 |
| 14 | കാസർഗോഡ് | 10951 |
| ആകെ | | 233232 |

(ബി)ഈ കണക്കെടുപ്പ് എത്ര നാളുകൾക്കുള്ളിൽ പൂർത്തീകരിയ്ക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി)കണക്കെടുപ്പ് അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് നീതി നിഷേധമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

(ബി) & (സി)

പിന്നീട് അപേക്ഷ സ്വീകരിക്കുന്ന തീയതി 15.02.2013 വരെ ദീർഘിപ്പിച്ചിരുന്നു. ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ അർഹരായവരെ കണ്ടെത്തുന്നതിനുള്ള അന്വേഷണം നടത്തിവരികയാണ്.

ആദ്യ ഘട്ടമായി കിട്ടിയ അപേക്ഷകളിൽ അന്വേഷണം നടത്തി അർഹരായ ഭൂരഹിത കുടുംബങ്ങളുടെ ലിസ്റ്റ് 15.08.2012- ൽ പ്രസിദ്ധീകരിച്ചു. രണ്ടാമത് 15.02.2013 വരെ അപേക്ഷ സ്വീകരിക്കുന്ന തീയതി ദീർഘിപ്പിച്ച പ്രകാരം കിട്ടിയ അപേക്ഷകളിന്മേൽ അന്വേഷണം നടന്നുവരികയാണ്.

ആദ്യഘട്ടത്തിൽ ആഗസ്റ്റ് 15-ന് മുമ്പ് തന്നെ ഭൂരഹിത കുടുംബങ്ങളുടെ കണക്ക് പ്രസിദ്ധീകരിക്കുവാൻ പറഞ്ഞപ്രകാരം 15.08.2012 – ൽ സാധിച്ചു.

സെക്ഷൻ ഓഫീസർ